**ശ്രദ്ധക്ഷണിക്കൽ**

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നന്ദകുമാർ: സർ, കേരളത്തിലെ സർക്കാർ ആശുപത്രികളിൽ പ്രത്യേകിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സമാനതകളില്ലാത്ത പുരോഗതിയാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. ജില്ലാ ആശുപത്രികളിൽപ്പോലും ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തുന്ന സംസ്ഥാനമാണ് കേരളം. കാസ്പ് വഴി ഇരട്ടി സൗജന്യ ചികിത്സ 200 കോടി രൂപയിൽനിന്നും 1400 കോടി രൂപയായി. ഇതിൽ കേന്ദ്ര വിഹിതം 138 കോടി രൂപ മാത്രമാണ്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ അടക്കം സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം കേരളത്തിൽ ഇന്ന് അങ്ങോളമിങ്ങോളമുണ്ട്. മറ്റൊരു കാര്യം, മഞ്ചേരി മെഡിക്കൽ കോളേജിൽ കുറേക്കൂടി സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയാണ്. വലിയ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിലെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ

ചികിത്സാ സൗകര്യങ്ങളിൽ പരിമിതിയുണ്ട്. മെഡിക്കൽ കോളേജിനെ ആശ്രയിക്കുന്ന പല രോഗികൾക്കും കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയെ ആശ്രയിക്കേണ്ട സാഹചര്യമാണിന്നുണ്ടാകുന്നത്. മഞ്ചേരി മെഡിക്കൽ കോളേജിൽ സ്കാനിംഗ് സംവിധാനമടക്കമില്ല. ഈ കാര്യങ്ങൾ സർക്കാർ ശ്രദ്ധിക്കുമോയെന്നതാണ് എന്റെ ചോദ്യം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സമാനതകളില്ലാത്ത മുന്നേറ്റമാണ് ഈ കാലഘട്ടത്തിൽ സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലുണ്ടായിരിക്കുന്നത്. ഈ കാലഘട്ടത്തിലാണ് രണ്ട് പുതിയ മെഡിക്കൽ കോളേജുകൾ, ചരിത്രത്തിൽത്തന്നെ ആദ്യമായി ഒരു വർഷം രണ്ട് മെഡിക്കൽ കോളേജുകൾ ഇടുക്കിയിലും കോന്നിയിലുമായി അനുവദിക്കപ്പെട്ടു. രണ്ടാം വർഷം അവിടെ പഠനം നടക്കുകയാണ്. നഴ്സിംഗ് മേഖലയിൽ സംസ്ഥാനത്ത് പുതിയതായി 2400-ലധികം സീറ്റുകൾ സൃഷ്ടിച്ചു. നമ്മുടെ കുഞ്ഞുങ്ങൾ മറ്റ് സംസ്ഥാനങ്ങളിലും പുറത്തുംപോയി പഠിക്കുന്ന സാഹചര്യം ഒഴിവാക്കിക്കൊണ്ട് പരമാവധി അവസരം സംസ്ഥാനത്ത് സൃഷ്ടിക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് സംസ്ഥാന സർക്കാർ നഴ്സിംഗ് മേഖലയിൽ 2400

പുതിയ സീറ്റുകൾ വർദ്ധിപ്പിച്ചത്. സർക്കാർ മേഖലയിൽ മാത്രം നഴ്സിംഗ് സീറ്റുകളുടെ എണ്ണം ഇരട്ടിയാക്കി; 400 എന്നത് 612 സീറ്റുകളാക്കി. അതുകൂടാതെ സംസ്ഥാന സർക്കാരിന്റെ ആരോഗ്യ വകുപ്പിന് കീഴിലുള്ള സൊസൈറ്റിയായ സിമറ്റിന്റെ കീഴിൽ ഏഴ് പുതിയ നഴ്സിംഗ് കോളേജുകൾ ഈ കാലഘട്ടത്തിൽ ആരംഭിക്കാൻ സാധിച്ചു. സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ ചരിത്രത്തിലാദ്യമായി നമ്മുടെ മെഡിക്കൽ കോളേജ് ദേശീയ റാങ്കിംഗിൽ വന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് 40-ാമത്തെ റാങ്ക്. എയിംസ് ഉൾപ്പെടെ ഓട്ടോണമസ് (സ്വഭരണാധികാരമുള്ള) ആശുപത്രികളും മെഡിക്കൽ കോളേജുകളുമാണ് അതിനുമുന്നിലുള്ളത്. സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം പരിശോധിക്കുമ്പോൾ രാജ്യത്തുതന്നെ ഒന്നാമതോ രണ്ടാമതോ റാങ്കിംഗിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് വന്നു. തിരുവനന്തപുരം ദന്തൽ കോളേജ് 25-ാം റാങ്കിംഗിലുണ്ട്. സംസ്ഥാനത്ത് ആദ്യമായി ലിവർ ട്രാൻസ്പ്ലാന്റേഷൻ ഈ കാലഘട്ടത്തിൽ ആരംഭിക്കാൻ കഴിഞ്ഞു. കഴിഞ്ഞ ദിവസവും (ഇന്നലെയും) കോട്ടയം മെഡിക്കൽ കോളേജിൽ ഒരു ലിവർ ട്രാൻസ്പ്ലാന്റേഷൻ നടന്നു. കേരളത്തിനുപുറത്ത് നാൽപതും അമ്പതും ലക്ഷം രൂപയാകുന്നത് പരമാവധി സൗജന്യമായാണ്

നടത്തുന്നത്. അതിനുവേണ്ടുന്ന സാമഗ്രികളുടെ ചെലവുകൾമാത്രം എടുത്തുകൊണ്ടാണ് ഇത് നടത്തുന്നത്. കോഴിക്കോടും ആലപ്പുഴയിലും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ പൂർത്തീകരിക്കാൻ സാധിച്ചു. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ചരിത്രത്തിലാദ്യമായി ഒരുതവണ ഡോക്ടർമാരുടെ/അദ്ധ്യാപകരുടെ 270 തസ്തികകളാണ് സൃഷ്ടിച്ചത്. കോഴിക്കോട് ബി.എസ്.എൽ. ലെവൽ ത്രീ ലാബ് പൂർത്തിയായിവരുന്നു. രാജ്യത്ത് 10 ആശുപത്രികളെ സെന്റർ ഓഫ് എക്സലൻസായി കേന്ദ്രസർക്കാർ തെരഞ്ഞെടുത്തപ്പോൾ അതിലൊന്ന് എസ്.എ.ടി. ആശുപത്രിയാണ്. അതുകൂടാതെ, നിരവധി കാര്യങ്ങൾ, രണ്ടോ മൂന്നോ മണിക്കൂർ പറയുന്നതിനപ്പുറത്തേക്ക് കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളായ മഞ്ചേരിയും കൊല്ലവും അണ്ടർ ഗ്രാജുവേറ്റ് കോളേജുകളായിരുന്നതിനെ പി.ജി. കോളേജുകളായി ഉയർത്തുന്നതിന് സാധിച്ചു. കൂടാതെ, ഫെലോഷിപ്പ് പ്രോഗ്രാമുകൾ നമ്മുടെ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിന് സാധിച്ചു. റോബോട്ടിക് സർജറി കാൻസർ സെന്ററുകളിൽ ഈ ഘട്ടത്തിൽ ആരംഭിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ആർ.സി.സി.-യിൽ

അത് ഉദ്ഘാടനം ചെയ്തു. മഞ്ചേരിയെക്കുറിച്ച് പ്രത്യേകമായി അദ്ദേഹം ചോദിച്ചതുകൊണ്ട് പ്രധാനപ്പെട്ട പോയിന്റുകൾ മാത്രം പറയുകയാണ്. ഇതിന്റെ മറുപടി മേശപ്പുറത്ത് വയ്ക്കുന്നുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനെ പി.ജി. കോളേജായി ഉയർത്തി. ഇ.എൻ.ടി., ഒഫ്താൽമോളജി, ഡെർമറ്റോളജി എന്നീ മൂന്ന് വിഭാഗങ്ങളിൽ പി.ജി. കോഴ്സുകൾ ആരംഭിച്ചു. വികസന പ്രവർത്തനങ്ങൾക്ക് 2.81 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മേഖലാ സമ്മേളനത്തിലും ഇതുസംബന്ധിച്ച നിർദ്ദേശം ജില്ലാകളക്ടർക്ക് കൈമാറിയിട്ടുണ്ട്. ........... (ബഹളം) ......... അതുകൂടാതെ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് 60 സീറ്റോടുകൂടിയ പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു. ഇതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു. മഞ്ചേരി മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ, കാർഡിയോളജി, കാർഡിയോ തൊറാസിക്, നെഫ്രോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് 15 തസ്തികകളാണ്, ഞാൻ നേരത്തെ പറഞ്ഞ 270 തസ്തികകൾ സംസ്ഥാനത്തെ എല്ലാ

മെഡിക്കൽ കോളേജുകളിലും, ഇത്രയും അധികം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഡിസംബർ മാസത്തിലാണ് അതിന്റെ ഉത്തരവ് ഇറങ്ങിയത്. 103 കോടി രൂപ മുതൽമുടക്കി ഒരുക്കുന്ന റസിഡൻഷ്യൽ ഫെസിലിറ്റിയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഹോസ്റ്റൽ ഫെസിലിറ്റിയിൽ ചിലത് പൂർത്തിയായി. ചിലതിന്റെ അവസാന സിവിൽ വർക്കുകൾ പൂർത്തീകരിക്കുകയാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ ഇപ്പോൾ 23.75 കോടി രൂപ അനുവദിച്ചുകൊണ്ട് ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സ്കാനിംഗ് സംബന്ധമായ കാര്യത്തിൽ പരിഹാരമുണ്ടാക്കുന്നതിനായി എം.ആർ.ഐ. മെഷീൻ സ്ഥാപിക്കുന്നതിന് 7.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് സാധ്യമാക്കാൻ കഴിയും. ഒ.പി. ബ്ലോക്കിന്റെ നിർമ്മാണത്തിന് 50.50 കോടി രൂപയും റേഡിയോളജി ആൻഡ് ലബോറട്ടറി കോംപ്ലക്സ് നിർമ്മാണത്തിന് 26 കോടി രൂപയും, അതിന്റെ പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 57 ഡോക്ടർമാരും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 122 അദ്ധ്യാപക വിഭാഗം ഡോക്ടർമാരും 46 സീനിയർ

റസിഡന്റ്സും 62 ജൂനിയർ റസിഡന്റ്സും 100 ഹൗസ് സർജൻമാരും 6 പി.ജി. വിദ്യാർത്ഥികളും മഞ്ചേരി മെഡിക്കൽ കോളേജിൽ സേവനം അനുഷ്ഠിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ബാക്കി വിശദമായ കാര്യങ്ങൾ മേശപ്പുറത്തുവയ്ക്കുകയാണ്.+

ശ്രീ. പി. നന്ദകുമാർ: സർ, മഞ്ചേരി മെഡിക്കൽ കോളേജിൽ സ്കാനിംഗ് സൗകര്യം ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല. അവിടെ സ്കാനിംഗ് സൗകര്യം ഇല്ലാത്തതുകൊണ്ട് എമർജൻസി കേസ്സുകളിൽ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് പോകേണ്ട സാഹചര്യമുണ്ട്. അടിയന്തരമായി അത് നടപ്പിലാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

ശ്രീമതി വീണാ ജോർജ്: സർ, അക്കാര്യത്തെക്കുറിച്ച് പറഞ്ഞിരുന്നു. അതിനുവേണ്ടി 7.10 കോടി രൂപ അനുവദിച്ചിരുന്നു. വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ഞാൻ ഇക്കാര്യം സംസാരിക്കുമ്പോൾ സംസ്ഥാന ആരോഗ്യ വകുപ്പിന് കേന്ദ്രത്തിൽനിന്ന് അർഹമായ വിഹിതങ്ങളിൽ ഒരു രൂപപോലും കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. ഇത് വളരെ ദുഃഖകരമാണ്. സംസ്ഥാനത്തിന് അർഹമായിട്ടുള്ള സാമ്പത്തിക വിഹിതങ്ങൾ കേന്ദ്രം നിഷേധിക്കുന്നതിനെതിരെ ജനാധിപത്യപരമായി പ്രതിഷേധിക്കേണ്ടത്

---

\+ അനുബന്ധമായി ചേർക്കുന്നു.

പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം കൂടിയാണ്. അതിൽനിന്നാണ് അവർ ഒളിച്ചോടി പോകുന്നത്. ഈ പ്രവർത്തനങ്ങൾ... ഞാൻ നേരത്തെ വായിച്ച എല്ലാ കാര്യങ്ങളും കേന്ദ്രം നമ്മളോട് ധനനിഷേധം നടത്തുമ്പോൾ സംസ്ഥാനം ഒറ്റയ്ക്ക് മുന്നോട്ടുകൊണ്ടുപോകുകയാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്രത്തിനോട് പ്രതിഷേധം അറിയിക്കാതെ, ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള പ്രതിപക്ഷത്തിന്റെ ഈ ശ്രമം അത്യന്തം അപഹാസ്യമാണ്. സംസ്ഥാന സർക്കാരിനൊപ്പംനിന്നുകൊണ്ട് സംസ്ഥാനത്തിനുവേണ്ടിയുള്ള ഇക്കാര്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി അവരൊപ്പം നിൽക്കണമെന്ന കാര്യംകൂടി ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്.

(സബ്മിഷൻ)